# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.10.2025**

### പ്രധാനവാർത്തകൾ

1) അതിവേഗത്തിൽ കൃത്യതയോടെ ലക്ഷ്യം കൈവരിച്ച പോരാട്ടമായി ഓപ്പറേഷൻ സിന്ദൂർ ഓർമ്മിക്കപ്പെടുമെന്ന് വ്യോമസേനാ മേധാവി - എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ്.

2) ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ സംസ്ഥാന സർക്കാർ ആദരിക്കുന്ന പരിപാടി നാളെ തിരുവനന്തപുരത്ത്. മുഖ്യമന്ത്രി പിണറായി വിജയൻ ആദരം അർപ്പിക്കും.

3) സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങളെ ചേർത്തുനിർത്തി സമഗ്ര വികസന മാതൃക സൃഷ്ടിക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നതെന്ന് മന്ത്രി ആർ. ബിന്ദു.

4) ദേശീയപാതകളുടെ പദ്ധതി വിവരങ്ങൾ അടങ്ങിയ ക്യുആർ കോഡ് സൂചനാബോർഡുകൾ സ്ഥാപിക്കാനൊരുങ്ങി ദേശീയപാത അതോറിറ്റി.

5) കൊല്ലം ഓച്ചിറയിലെ പ്രസിദ്ധമായ കാള കെട്ടുത്സവം ഇന്ന്. സ്ത്രീകൾ അടങ്ങിയ സംഘം ഉൾപ്പെടെ 200 ലധികം കാളരൂപങ്ങൾ പടനിലത്തിലെത്തും.

6) വെസ്റ്റിൻഡീസിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ശക്തമായ നിലയിൽ. രണ്ടാം ദിവസം കളി അവസാനിപ്പിക്കുമ്പോൾ ഇന്ത്യക്ക് 286 റൺസ് ലീഡ്.

***************

RNUTVPM

## ഓപ്പറേഷൻ സിന്ദൂർ

അതിവേഗത്തിൽ കൃത്യതയോടെ ലക്ഷ്യം കൈവരിച്ച ഒരു പോരാട്ടമായി ഓപ്പറേഷൻ സിന്ദൂർ ഓർമ്മിക്കപ്പെടുമെന്ന് വ്യോമസേനാ മേധാവി - എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ്. 93-ാമത് വ്യോമസേനാ ദിന വാർഷികാഘോഷത്തിനു മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം . ആസൂത്രണ ഘട്ടം മുതൽ തന്നെ മൂന്ന് സേന വിഭാഗങ്ങളും ഒന്നിച്ചു ഏകോപിച്ചു പ്രവർത്തിച്ചുവെന്നും മാറുന്ന യുദ്ധമുഖത്തിനനുസരിച്ച് രാജ്യത്തെ സേനകൾ സദാ തയ്യാറാണെന്നും എ.പി.സിങ് വ്യക്തമാക്കി. പാകിസ്ഥാൻറെ ഭാഗത്ത് നിന്ന് ഇനിയും ഇത്തരം നീക്കങ്ങൾ ഉണ്ടായാൽ ഇതിലും ശക്തമായ തിരിച്ചടി നേരിടേണ്ടി വരുമെന്ന് കരസേനാ മേധാവി ഉപേന്ദ്ര ദിവേദിയും രാജസ്ഥാനിൽ പറഞ്ഞു.

***************

## പി എം -സേതു

രാജ്യത്ത് യുവജന കേന്ദ്രീകൃതമായ വിവിധ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഡൽഹിയിൽ തുടക്കം കുറിക്കും.62,000 കോടിയിലധികം രൂപയുടെ സംരംഭങ്ങൾക്കാണ് നാളെ തുടക്കമാകുന്നത് . രാജ്യത്തെ ആയിരം സർക്കാർ ഐ.ടി.ഐ-കളുടെ നവീകരണത്തിനായി പിഎം-സേതുവിനും നാളെ പ്രധാനമന്ത്രി തുടക്കമിടും.

RNUTVPM

***************

## മോഹൻലാൽ (ഇൻട്രോ)

ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്ന ' മലയാളം വാനോളം ലാൽസലാം' പരിപാടി നാളെ തിരുവനന്തപുരത്ത് നടക്കും. സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന് വേണ്ടി ശ്രീ മോഹൻലാലിനെ ആദരിക്കും. പൊതുജനങ്ങൾക്ക് പ്രവേശനം

സൗജന്യമായിരിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.
(വോയ്സ്)

***************

## മന്ത്രി ആർ. ബിന്ദു, -വിഷൻ

സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങളെ ചേർത്തുനിർത്തിക്കൊണ്ട് സമഗ്രമായ വികസന മാതൃകകൾ സൃഷ്ടിക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നതെന്ന് മന്ത്രി ആർ. ബിന്ദു. സാമൂഹികനീതിയിൽ അധിഷ്ഠിതമായ നവകേരള നിർമ്മിതി ലക്ഷ്യമിടുന്ന 'വിഷൻ 2031' സംസ്ഥാനതല സെമിനാർ മന്ത്രി ഉദ്ഘാടനം ചെയ്തു. സംസ്ഥാനം രൂപീകൃതമായതിൻറെ 75-ാം വാർഷികമായ 2031-ൽ കൈവരിക്കേണ്ട വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനാണ് 'വിഷൻ 2031' ലക്ഷ്യമിടുന്നത്.

***************

## ക്ഷേമനിധി ബോർഡ്- വി ശിവൻകുട്ടി

ക്ഷേമനിധി ബോർഡിലൂടെ 84,203 പേർക്ക് 347 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തതായി മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് മോട്ടോർ വാഹന ക്ഷേമ നിധി ബോർഡിന്റെ കുടിശ്ശിക നിവാരണ ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി . ഈ സാമ്പത്തിക വർഷത്തിലെ ആദ്യ അഞ്ചു മാസങ്ങളിലായി 41,990 പേർ പുതുതായി അംഗത്വമെടുത്തതായി മന്ത്രി പറഞ്ഞു.

RNUTVPM

***************

## ദേശീയപാത ക്യുആർ കോഡ്

ദേശീയപാതകളുടെ പദ്ധതി വിവരങ്ങൾ അടങ്ങിയ ക്യുആർ കോഡ് സൂചനാബോർഡുകൾ സ്ഥാപിക്കാനൊരുങ്ങി ദേശീയപാത അതോറിറ്റി. ദേശീയപാത ഉപയോക്താക്കൾക്ക് എളുപ്പത്തിൽ കാണുന്ന തരത്തിലാണ് ക്യൂആർ കോഡുകളടങ്ങിയ സൂചനബോർഡുകൾ സ്ഥാപിക്കുന്നത്. ദേശീയപാതകളെക്കുറിച്ച് പ്രത്യേക വിവരങ്ങൾ നൽകുന്നതിനും സുതാര്യത വർധിപ്പിക്കുന്നതിനും റോഡ് സുരക്ഷ വർധിപ്പിക്കാനും ക്യുആർ കോഡ് സൂചനാ ബോർഡുകൾ സഹായിക്കും.

***************

## മൻ കി ബാത് (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന് ഇന്ന് 11 വയസ്സ്. 2014

ഒക്ടോബർ മൂന്നിനായിരുന്നു മൻ കി ബാത്തിന്റെ ആദ്യ പ്രക്ഷേപണം നടന്നത്. രാജ്യമെമ്പാടുമുള്ള ജനങ്ങളിൽ നിന്നും നേരിട്ട് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഹൃദയത്തിൽ തൊടുന്ന ഒരു ജനകീയ പരിപാടിയാണ് മൻകി ബാത്ത് എന്ന് കണ്ണൂർ കൃഷ്ണ മേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ വി.പി.ശ്രീകല.

(ഹോൾഡ് വോയ്സ്)

***************

## കാള കെട്ടുത്സവം -ഓച്ചിറ

ഓണാട്ടുകരയ്ക്ക് പ്രധാനമായ ഇരുപത്തെട്ടാം ഓണാഘോഷ ഉത്സവത്തിന്റെ ഭാഗമായി ഇന്ന് ഓച്ചിറയിൽ പ്രസിദ്ധമായ കാളകെട്ടുത്സവം നടക്കും. ചെറുതും വലുതുമായ കെട്ടുകാളകളെ വൈകിട്ട് പരബ്രഹ്മ സന്നിധിയിലേക്ക് എഴുന്നള്ളിക്കും. 52 കരകളിലെ വിവിധ കാളമൂടുകളിൽ കാളകെട്ടുസമിതികളുടെ നേതൃത്വത്തിൽ കെട്ടിയുണ്ടാക്കിയ 200 ലധികം കാളരൂപങ്ങളാണ് സന്ധ്യയോടെ പടനിലത്തെത്തുക. 24 വനിതാ കാളകെട്ടുസമിതികളും ഇത്തവണ കാളരൂപങ്ങൾ എഴുന്നള്ളിക്കുന്നുണ്ട്. കാളകെട്ടുത്സവത്തോട് അനുബന്ധിച്ച് ദേശീയപാത 66 ൽ കരുനാഗപ്പള്ളി മുതൽ കായംകുളം വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തും.

***************

RNU TVPM

## നവരാത്രി മടക്ക ഘോഷയാത്ര

നവരാത്രി വിഗ്രഹങ്ങളുടെ തിരുവനന്തപുരത്ത് നിന്നുള്ള മടക്ക ഘോഷയാത്ര നാളെ. രാവിലെ ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്ന് സരസ്വതീ ദേവിയും ആര്യശാല ദേവീക്ഷേത്രത്തിൽ നിന്ന് കുമാര സ്വാമിയും ചെന്തിട്ട ക്ഷേത്രത്തിൽ നിന്ന് മുന്നൂറ്റി നങ്കയും എഴുന്നള്ളി കിള്ളിപ്പാലത്ത് സംഗമിക്കും. കിള്ളിപ്പാലത്ത് കേരള പൊലീസ് ഗാർഡ് ഓഫ് ഓണർ നൽകും. തുടർന്ന് മൂന്ന് വിഗ്രഹങ്ങളും പത്മനാഭപുരത്തെയും ശുചീന്ദ്രത്തെയും മാതൃ ക്ഷേത്രങ്ങളിലേക്ക് മടങ്ങും.

***************

## ഭാഗ്യക്കുറി നറുക്കെടുപ്പ്

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മാറ്റിവച്ച തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും, പൂജാ ബമ്പർ ടിക്കറ്റിന്റെ പ്രകാശനവും നാളെ നടക്കും. തിരുവനന്തപുരത്ത് ഉച്ചയ്ക്ക് 1-മണിക്ക് നടക്കുന്ന ചടങ്ങിൽ ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ പ്രകാശനം

നിർവഹിക്കും . കഴിഞ്ഞ മാസം 27-ന് നടത്താൻ നിശ്ചയിച്ചിരുന്ന നറുക്കെടുപ്പ് അപ്രതീക്ഷിതമായുണ്ടായ കനത്ത മഴ, ജിഎസ്ടി പരിഷ്കരണം, ഏജന്റുമാരുടെ അഭ്യർഥന എന്നിവ പരിഗണിച്ച് നാളെത്തേക്ക് മാറ്റുകയായിരുന്നു.

***************

## പെരിയാർ കടുവ സംരക്ഷണ കേന്ദ്രം(ഇൻട്രോ)

ജീവജാല വൈവിധ്യത്തിൽ പശ്ചിമഘട്ടത്തിലെ ഹോട്ട് സ്പോട്ടായി പെരിയാർ കടുവ സംരക്ഷണ കേന്ദ്രം. ഇവിടെ നടന്ന വാർഷിക സമഗ്ര ജന്തുജാല വിവര ശേഖരണത്തിൽ കൂടുതലായി രേഖപ്പെടുത്തിയത് 12 പുതിയ ജീവികളെയാണ്. എട്ട് ചിത്രശലഭങ്ങൾ, രണ്ട് പക്ഷികൾ, രണ്ട് തുമ്പികൾ എന്നിവയാണ് പുതിയതായി സാന്നിധ്യം അറിയിച്ചത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ. (വോയ്സ്)

***************

## AIMS ആലപ്പുഴ

RNU TVPM

മാവേലിക്കര: എയിംസ് ആലപ്പുഴയിൽ സ്ഥാപിക്കണമെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി നടത്തിയ പ്രസ്താവനയെ സ്വാഗതം ചെയ്ത് ബിജെപി ആലപ്പുഴ സൗത്ത് ജില്ലാ കമ്മിറ്റി പ്രമേയം പാസാക്കി. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ പക്കൽ ഉള്ള 200 ഏക്കറോളം അധികഭൂമി എംയിംസ് സ്ഥാപിക്കാൻ കൈമാറണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കാനും യോഗം തീരുമാനിച്ചു.

***************

## ക്രിക്കറ്റ് ടെസ്റ്റ്

അഹമ്മദാബാദിൽ വെസ്റ്റിൻഡീസിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ശക്തമായ നിലയിൽ. രണ്ടാം ദിവസം കളി അവസാനിപ്പിക്കുന്പോൾ ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 5 വിക്കറ്റിന് 448 റൺസ് എടുത്തിട്ടുണ്ട്. ഇന്ത്യക്കായി കെ എൽ രാഹുലും ധ്രുവ് ജുറേലും രവീന്ദ്ര ജഡേജയും സെഞ്ച്വറി നേടി. നിലവിൽ ഇന്ത്യക്ക് 286 റൺസ് ലീഡാണുള്ളത്. ആദ്യ ഇന്നിംഗ്സിൽ വെസ്റ്റിൻഡീസ് 162 റൺസിന് പുറത്തായിരുന്നു.

***************

## സൂപ്പർ ലീഗ്-ഫുട്ബോൾ (ഇൻട്രോ)

സൂപ്പർ ലീഗ് കേരള ഫുട്ബോളിന് മഞ്ചേരിയിൽ അല്പസമയത്തിനകം തുടക്കമാകും. ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി എം. സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.
(വോയ്സ്)

***************

## ശബരിമല - വി.ഡി.സതീശൻ, വി.മുരളീധരൻ

ശബരിമലയിൽ സ്വർണ്ണപ്പാളി കാണാതായ സംഭവത്തിൽ സമഗ്ര അന്വേഷണം വേണമെന്ന് തിരുവിതാംകൂർ ദേവസ്വം പ്രസിഡൻറ് പി.എസ്. പ്രശാന്ത്. ദ്വാരപാലക ശില്പങ്ങളിലെ സ്വർണപ്പാളിയുടെ അറ്റകുറ്റപണികൾ നടത്തിയത് സുതാര്യമായി അല്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശനും ആരോപിച്ചു. അതെസമയം, സ്വർണപ്പാളി കാണാതായ സംഭവത്തിൽ ദേവസ്വം ബോർഡ് ജീവനക്കാരിൽ കുറ്റം ചുമത്തി സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും ഒഴിഞ്ഞു മാറുകയാണെന്ന് ബി.ജെ.പി നേതാവ് വി.മുരളീധരനും ആരോപിച്ചു.

***************

**********

****

RNU TVPM